**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Dr. Chithra S IAS)

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -ജീവനക്കാര്യം എക്സ്റ്റൻഷൻ ആഫീസർ ഗ്രേഡ്-2 തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീ.ആഷിഷ്.സിവി. ശ്രീ.ശ്യാം ജിത്ത്.കെ എന്നീ ജീവനക്കാരെ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ LSGD/PD/7433/2025-GEA4തീയതി: 28-06-2025**

പരാമർശം:
1) മലപ്പുറം ജില്ലാ ജോയിൻറ് ഡയറക്ടറുടെ 21/08/2024 ലെ LSGD/JD/MPM/1169/2023-A3 നമ്പർ കത്ത്.
2) കേരളാ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മലപ്പുറം ജില്ലാ ഓഫീസറുടെ 17/02/2021 ലെ MR2-2/21/2019-KPSC-DO MLPM നമ്പർ നിയമന ശുപാർശ.
3) മലപ്പുറം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ 06/01/2022 തീയതിയിലെ ആർ.ഡി1. 2859/20 നമ്പർ ഉത്തരവ്
4) ഗ്രാമ വികസന കമ്മീഷണേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ 26/03/2022 ലെ 414/എസ്റ്റാ.ബി2/22/സിആർഡി നമ്പർ ഉത്തരവ്
5) ഈ ആഫീസിലെ 03/05/2025 തീയതിയിലെ ഇതേ നമ്പർ നോട്ടീസ് .

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പിലെ എക്സ്റ്റൻഷൻ ആഫീസർ ഗ്രേഡ്-2 (മുൻ ഗ്രാമവികസന വകുപ്പിലെ VEO Grade II) തസ്തികയിലെ ജീവനക്കാരായ ശ്രീ.ആഷിഷ്.സി.വി, ശ്രീ.ശ്യാം ജിത്ത്.കെ എന്നിവർ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ ഗ്രേഡ്-2 തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീ.ആഷിഷ്.സി.വി, ശ്രീ.ശ്യാം ജിത്ത്.കെ എന്നിവർ പരാമർശം (2) പ്രകാരം 17/12/2021 തീയതിയിൽ അഡ്വൈസ് ലഭിച്ച് പരാമർശം (3) നിയമന ഉത്തരവിൻറെ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിച്ചവരാണ്. എന്നാൽ പരാമർശം (4) പ്രകാരമുള്ള 01.09.2020 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ മുൻ ഗ്രാമവികസനവകുപ്പിൽ സേവനത്തിൽ പ്രവേശിച്ച വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഇവർ ഉൾപ്പെട്ടിരുന്നില്ല. ആയതിൻറെ അടിസ്ഥാനത്തിൽ പരാമർശം (4) സീനിയോറിറ്റി പട്ടികയിൽ ശ്രീ.ആഷിഷ്.സി.വി-യെ ക്രമനമ്പർ 154 ആയും ശ്രീ.ശ്യാം ജിത്ത്.കെ-യെ ക്രമ നമ്പർ 155 ആയും ഉൾപ്പെടുത്തുന്നതിന് താത്കാലികമായി തീരുമാനിച്ചും ആക്ഷേപങ്ങൾ ക്ഷണിച്ചും പരാമർശം (5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ആയത് സംബന്ധിച്ച് ശ്രീ.ശ്യാം ജിത്ത്.കെ സമർപ്പിച്ച ആക്ഷേപം

പരിഗണിച്ച് ടിയാളുടെ പേര് വിദ്യാഭ്യാസ യോഗ്യത എന്നിവയിൽ താഴെ പറയും പ്രകാരം തിരുത്തൽ വരുത്തിയിട്ടുണ്ട്.

| SI. No | seniority no | Name&PEN | Date of birth | Qualification | District of recruitment | Mode of appointment | Advice No./Govt. Order No. | Advice Date | Sl.No in advice list | Date of entry in service | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| 154 | 2093 | Ashish C V 928257 | 11/11/1994 | BA | MLPM | PSC | MR-2/21/2019-KPSC-DO MLPM | 17/12/2021 | 1 | 11/01/2022 | |
| 155 | 2094 | Shyam Jith K 927571 | 20/05/1997 | BSc | MLPM | PSC | MR-2/21/2019-KPSC-DO MLPM | 17/12/2021 | 3 | 12/01/2022 | |

ടി ജീവനക്കാരെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രസ്തുത താത്കാലിക തീരുമാനം സംബന്ധിച്ച് മറ്റ് ആക്ഷേപങ്ങൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ.ആഷിഷ്.സി.വി-യെ ക്രമനമ്പർ 154 ആയും ശ്രീ.ശ്യാം ജിത്ത്.കെ-യെ ക്രമ നമ്പർ 155 ആയും മേൽ പട്ടികയിലെ വിവരണപ്രകാരം പരാമർശം (4) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തിക്കൊണ്ട് സീനിയോറിറ്റി പട്ടിക പുനക്രമീകരിച്ചും ഭേദഗതി ചെയ്തും ഇതിനാൽ ഉത്തരവാകുന്നു.

Dr. Chithra S IAS
PRINCIPAL DIRECTOR

പകർപ്പ്:
1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും
2. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ DEC സെക്ഷൻ
3. ശ്രീ.ആഷിഷ് സി വി(ജോയിൻറ് ഡയറക്ടർ മലപ്പുറം മുഖേന)
4. ശ്രീ.ശ്യാംജിത്ത് കെ (ജോയിൻറ് ഡയറക്ടർ മലപ്പുറം മുഖേന)
5. സിസ്റ്റം സൂപ്പർവൈസർ,വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി